# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1372

15-06-2012 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാം വിളവിൽ കുറവ് വന്നിട്ടുണ്ട്. തൊഴിലാളിക്ഷാമം, ജലദൗർലഭ്യം എന്നിവ ഉണ്ടാകുമോ എന്ന ഭയാശങ്ക മൂലം ഒന്നാംവിള ഒഴിവാക്കി, രണ്ടാം വിള മൂപ്പ് കൂടിയ വിത്തിനങ്ങൾ ഉപയോഗിച്ച് നേരത്തെ ആരംഭിക്കുന്ന ഒരു പ്രവണത ചില കർഷകരിൽ കാണപ്പെടുന്നു. ഭൂമി പരിവർത്തനം ചെയ്യുന്നത് തടയപ്പെടുന്നുണ്ടെങ്കിലും കുറച്ചു കർഷകർ കൃഷി ഇറക്കാൻ മടി കാണിക്കുന്നുണ്ട്. |
| (ബി) നെൽകൃഷി പ്രോൽസാഹിപ്പി ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) നെൽകൃഷി പ്രോൽസാഹിപ്പി ക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വിത്ത്, രാസവളം എന്നിവ സബ്സിഡിയിനത്തിൽ പാടശേഖരങ്ങൾ വഴി നല്കുന്നു.<br>2. ഹെക്ടറിന് 2500/- രൂപ നിരക്കിൽ ത്രിതല പഞ്ചായത്തു കൾ ചേർന്ന് ഉഴവു കൂലി നല്കുന്നു.<br>3. നെല്ല് സംഭരണം ഊർജ്ജിത മായി നടപ്പിലാക്കുന്നു.<br>4. തൊഴിലാളിക്ഷാമം പരിഹരി ക്കുന്നതിനായി തൊഴിൽ സേന കൾ രൂപീകരിച്ച് അവർക്ക് കാർഷിക യന്ത്രങ്ങൾ നല്കുന്ന തിലും അവയുടെ പ്രവർത്തന ത്തിൽ പരിശീലനം നൽകുന്ന |

തിനും കൃഷി വകുപ്പിലൂടെയും ഗ്രാമപഞ്ചായത്തുകളിലൂടെയും നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിച്ച് മുമ്പോട്ടു കൊണ്ടുപോകുന്നു.

5. തരിശുഭൂമി നെൽകൃഷി, കര നെൽകൃഷി ഗ്രൂപ്പ്ഫാമിംഗ് ആർ.എസ്.ജി.പി എന്നിവയും ആനുകൂല്യം നല്കി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പ്ഫാമിംഗ് പദ്ധതിയിൽ ഹെക്ടറിന് 1500/- രൂപ നല്കി വന്നിരുന്നത് ഇപ്പോൾ ഹെക്ടറിന് 3000/- രൂപയായി ഉയർത്തിയിട്ടുണ്ട്.
6. ജലസേചന ചാലുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.
7. ദേശീയ ഭക്ഷ്യസുരക്ഷ മിഷന്റെ (എൻ.എഫ്.എസ്.എം) കീഴിൽ 259.39 ലക്ഷം രൂപയ്ക്ക് അടങ്കൽ വരുന്ന പദ്ധതിയിൽ ഉല്പാദന ഉപാധികൾക്ക് ആനുകൂല്യം നല്കി വരുന്നു.

(സി) നെൽകൃഷിയെ പോലെ തന്നെ വിവിധ വിളകൾ കൃഷിചെയ്യുന്ന ഭൂവിസ്തൃതി കുറയുകയും ഉത്പാദനം തന്നെ കുറഞ്ഞുവരികയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം ക്രിയാത്മക നടപടികൾ ആണ് കൃഷി വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ എല്ലാ വിളകളുടേയും വിസ്തൃതി കുറഞ്ഞിട്ടില്ല. തെങ്ങ്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ വില വളരെയധികം കുറഞ്ഞുപോയതിനാൽ ശാസ്ത്രീയമായ വളപ്രയോഗം നടത്തുന്നതിൽ കുറച്ച് കർഷകർ വിമുഖത കാണിക്കുന്നുണ്ട്. അതുപോലെ തന്നെ അവയുടെ വിസ്തൃതിയിൽ വിലയുടെ അടിസ്ഥാനത്തിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, നാളീകേര വികസനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ മറ്റ് വിളകൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക് സഹായം നല്കുന്നു.

സെക്ഷൻ ഓഫീസർ